## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 408 — 18/10/2011 -ൽ മറുപടിക്ക്

### വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) സർക്കാർ, എയിഡഡ് മേഖലയിൽ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന സ്ക്കൂൾ കുട്ടികൾക്കും ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ടെക്നിക്കൽ ഹൈസ്ക്കൂൾ എന്നീ വിഭാഗങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് കോളേജ് വിദ്യാർത്ഥികൾക്കും നിലവിൽ യൂണിവേഴ്സിറ്റി നടപ്പാക്കിയ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം ഉണ്ട്. യൂണിവേഴ്സിറ്റി തലത്തിൽ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഇൻഷ്വറൻസ് പരിരക്ഷ മുഖേന എന്തെല്ലാം പ്രയോജനങ്ങളാണ് | (ബി) അപകടമരണം, മാരക രോഗം ബാധിച്ചുള്ള മരണം എന്നിവയ്ക്ക് വിധേയമാകുന്നവരുടെ |

| | | |
|---|---|---|
| | വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്; | കുടുംബത്തിന് 10,000/- രൂപയും അപകടത്തിൽ പരിക്കേൽക്കുന്ന കുട്ടികൾക്ക് പരിക്കിന്റെ തീവ്രത അനുസരിച്ചുള്ള ചികിത്സാ സഹായവും അനുവദിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ? | (സി) സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി 26.07.1989 ലെ സ.ഉ.(സാധാ)127/89/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 1989 ൽ ആരംഭിച്ചു. ആരംഭകാലത്ത് പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിൽ വരുത്തിയത്. 2003 മുതൽ പൊതു വിദ്യാഭ്യാസ വകുപ്പ് നേരിട്ട് ഈ പദ്ധതി നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ